LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതിയിൽപ്പെട്ട പിന്നോക്ക വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ

16 [*127] ശ്രീ. രാജു എബ്രഹാം:
,, വി. കെ. ചന്ദ്രൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പിന്നോക്ക വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുദ്ധജലവും വൈദ്യുതിയും എത്താത്ത എത്ര കോളനികളുണ്ട്;

(സി) ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ ഛർദ്ദി, അതിസാരം, കോളറ എന്നിവ പിടിപെട്ട് ദുരിതത്തിലായ കോളനി നിവാസികളുടെ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ?

പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) ഉണ്ട്.

(ബി) ശുദ്ധജലം ലഭ്യമല്ലാത്ത 1168 കോളനികളും വൈദ്യുതി ലഭ്യമല്ലാത്ത 1626 കോളനികളും ഉണ്ട്.

(സി) ഇല്ല.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

ഹവാല പണമിടപാടുകളെക്കുറിച്ചുള്ള അന്വേഷണം

17 [*128] ശ്രീ. മത്തായി ചാക്കോ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് കടത്തിയ ഹവാല പണമിടപാടുകളെക്കുറിച്ചുള്ള അന്വേഷണം സംസ്ഥാന സർക്കാർ നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ഏതുരീതിയിലുള്ള അന്വേഷണമാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാന വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിൽ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ ഹവാല പണമിടപാടുകൾ നടന്നിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണവും ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീമിന്റെ അന്വേഷണവും വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിന്റേയും അന്വേഷണവും നടന്നിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് ഡി. ജി. പി.-യുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ എ. ഡി. ജി. പി. (ഇന്റലിജൻസ്)-യുടെ നേതൃത്വത്തിൽ ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) മഞ്ചേരി അർബൻ സഹകരണ ബാങ്കിൽ 2000 നവംബർ മുതൽ 2002 ജൂൺ വരെ 62 കോടി 36 ലക്ഷം രൂപയുടെ അനധികൃത പണമിടപാടുകൾ സംബന്ധിച്ച ഒരു വിജിലൻസ് അന്വേഷണം വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിൽ അന്വേഷണം നടത്തുകയുണ്ടായി.

(ഇ) ഇത് സംബന്ധിച്ച് വി. സി. 10/2003 എസ്. ഐ. യു. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയായി. പ്രതികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ക്രൈം ബ്രാഞ്ച് യൂണിറ്റിൽ ക്രൈം 313/സി.ആർ/പി.കെ.ഡി/03 നമ്പരായി 5/12/03-ൽ രജിസ്റ്റർ ചെയ്തിരുന്ന കേസും തുടരന്വേഷണത്തിനായി തിരുവനന്തപുരം വി.എ.സി.ബി.-യ്ക്ക് കൈമാറിയിട്ടുണ്ട്.

ആദിവാസി ക്ഷേമത്തിനായുള്ള കേന്ദ്രസഹായ പദ്ധതികൾ

18 [*129] ശ്രീ. കെ. രാധാകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഏതെല്ലാം പദ്ധതികളാണുള്ളത്; ഇവയിൽ കേരളത്തിൽ ഇനിയും നടപ്പിലാക്കാത്തവ ഏവ;

LIBRARY ARCHIVES Kerala Legislative Assembly